LIBRARY ARCHIVES Kerala Legislative Assembly

അതാത് സ്ഥാപനത്തിന്റെ വികസനത്തിനും പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകാനും ഉതകുന്ന രീതിയിലാണ് ഇന്ന് വിനിയോഗിക്കുന്നത്. ഒരു നിശ്ചിത ശതമാനം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് സ്വകാര്യ ആശുപത്രികളിൽ സൗജന്യ ചികിത്സ ലഭ്യമാക്കാൻ ഇപ്പോഴത്തെ നിലയിൽ നിർദ്ദേശിക്കാൻ സർക്കാരിന് സാധിക്കില്ല. സ്വകാര്യ ആശുപത്രികൾ സ്വയം അത്തരമൊരു സേവനസന്നദ്ധത പ്രകടിപ്പിക്കാൻ തയ്യാറാകുന്നപക്ഷം അവർക്ക് കഴിയുന്ന സഹായം ചെയ്തുകൊടുക്കാൻ സർക്കാർ ശ്രമിക്കുന്നതാണ്. പകർച്ചവ്യാധി പടർന്നു പിടിക്കുമ്പോൾ ആളുകൾ കൂട്ടത്തോടെ ചികിത്സയ്ക്ക് വരികയാണെങ്കിൽ സ്വകാര്യ ആശുപത്രികളിലും ആവശ്യംവേണ്ട മരുന്നുകൾ സൗജന്യമായി സർക്കാർ എത്തിക്കും. ഇപ്പോഴുള്ള സൗജന്യ ചികിത്സയ്ക്ക് 1500 രൂപ എന്ന വരുമാന പരിധി 3000 രൂപയാക്കുക എന്ന ഉദ്ദേശം തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല. എന്തായാലും ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

ശ്രീ. സി. മമ്മൂട്ടി : സ്വകാര്യ ആശുപത്രികളിൽ സൗജന്യ ചികിത്സ ഉറപ്പുവരുത്താൻ നിയമമൊന്നുമില്ലായെന്ന് പറഞ്ഞു. എങ്കിൽ മൊത്തം ലാഭം കിട്ടുന്നതിന്റെ, 10 ശതമാനമോ 15 ശതമാനമോ എങ്കിലും നിർബന്ധമായും സൗജന്യ ചികിത്സയ്ക്ക് ഉപയോഗിക്കുമെന്നും ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നിയമനിർമ്മാണം കൊണ്ടുവരാൻ ഗവൺമെന്റ് ശ്രമിക്കുകയും അതോടൊപ്പംതന്നെ ഇവിടെ മന്ത്രി പറഞ്ഞത് 1500 രൂപ വരുമാനമുള്ളവർക്ക് അല്ല ; 9000 മുതൽ 18,000 വരെ വരുമാനമുള്ളവർക്ക് 50 ശതമാനം ഫീസടയ്ക്കണം. ഇന്നലെപ്പോലും അടച്ചിട്ടുണ്ട്. അതേ അവസരത്തിൽ അത് നിർബന്ധമായും ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിക്കുമോ ; 3000 രൂപ വരെയാക്കി വർദ്ധിപ്പിക്കാൻ തയ്യാറാകുമോ ?

ശ്രീ. പി. ശങ്കരൻ : ഇത് ശരിയല്ല. 1500-ന് താഴെ വരുമാനമുള്ളവർക്ക് മുഴുവൻ സൗജന്യമായാണ് നൽകുന്നത്. അത് നിർബന്ധമായും അങ്ങനെ ചെയ്യണമെന്ന് കർശനമായ നിബന്ധന ഏർപ്പെടുത്തിയിട്ടുണ്ട്. ഇതുകൂടാതെ ആശുപത്രികളിൽ എത്തുന്ന പാവപ്പെട്ട രോഗികൾക്ക് സൗജന്യ ചികിത്സ നൽകണമെന്ന് നിഷ്ക്കർഷിക്കാൻ സർക്കാരിന് കഴിയില്ല. എന്തായാലും ഇതു സംബന്ധിച്ച് ഒരു നിയമം നിർമ്മിക്കേണ്ടതിനെക്കുറിച്ച് ഗവൺമെന്റ് വളരെ ഗൗരവപൂർവ്വം ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

III സബ്മിഷൻ

(1) പ്രവീൺ തൊഗാഡിയുടെ പ്രകോപനപരമായ പ്രസംഗം

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : വിശ്വഹിന്ദു പരിഷത്തിന്റെ അന്തർദ്ദേശ്ശീയ നേതാവും അഖിലേന്ത്യാ ജനറൽ സെക്രട്ടറിയുമായ പ്രവീൺ തൊഗാഡിയ കേരളത്തിൽ വരികയും മാറാട് സന്ദർശിക്കുകയും, കോഴിക്കോട് മുതലക്കുളം മൈതാനിയിൽ ഒരു പ്രസംഗം നടത്തുകയും ചെയ്തു. അത്യന്തം വിഷ ലിപ്തവും പ്രകോപനപരവുമായ ഒന്നായിരുന്നു ആ പ്രസംഗം. മാറാട് പള്ളി പൊളിക്കുമെന്നും അവിടെ നിന്നും സംഘർഷ സമയത്ത് ഒഴിഞ്ഞു

പോയവരോ അടിച്ചോടിക്കപ്പെട്ടവരോ ആയവരെ പുനരധിവസിപ്പിക്കുന്ന പ്രശ്നമില്ലെന്നും അതിനു തുനിഞ്ഞാൽ വീണ്ടും ഒരു മാറാട് സൃഷ്ടിക്കുമെന്നും പറഞ്ഞുകൊണ്ടുള്ള തികച്ചും ഒരു ഭ്രാന്തനുമാത്രം അനുയോജ്യമായ വിധത്തിലുള്ള ഒരു പ്രസംഗമാണ് ഈ തൊഗാഡിയ എന്നു പറയുന്ന മനുഷ്യൻ അവിടെ നടത്തിയത്. ഇതു സംബന്ധിച്ച് നമ്മുടെ ഗവൺമെന്റിന്റെ സമീപനം നോക്കുമ്പോൾ, അയാളെ കന്യാകുമാരി മുതൽ കേരളമാകെ എഴുന്നള്ളിച്ചു നടത്താൻ നമ്മുടെ പോലീസ് സംരക്ഷണം നൽകിയെന്നാണ് കേട്ടത്. അയാൾ കേരളം വിട്ടതിനുശേഷം അയാളുടെ പേരിൽ സാങ്ഷൻ മേടിക്കാതെ മൈക്ക് ഉപയോഗിച്ചു എന്നുപറഞ്ഞ് ഒരു പെറ്റി കേസ് ചാർജ്ജ് ചെയ്തു എന്നാണ് കേട്ടത്. അതേസമയം ബി.ജെ.പി.-യുടെ സഖിയായ എൻ.ഡി.എ. കക്ഷി, തെലുങ്കുദേശത്തിന്റെ മുഖ്യമന്ത്രി ഭരിക്കുന്ന ആന്ധ്രാ പ്രദേശിലെ ഹൈദ്രാബാദിൽ വച്ച് ഇത്തരം പ്രസംഗം നടത്തിയതിൽ ഇയാളെ അറസ്റ്റു ചെയ്ത് കസ്റ്റഡിയിൽ എടുത്തു. കോൺഗ്രസ് ഭരിക്കുന്ന രാജസ്ഥാനിലും ഇയാളെ വെറുതെ വിട്ടില്ല. കസ്റ്റഡിയിൽ എടുത്തു. കോൺഗ്രസിന്റെ തന്നെ മറ്റൊരു മുഖ്യമന്ത്രിയായ മധ്യപ്രദേശിലെ മുഖ്യമന്ത്രിയും, ഇവിടെയെങ്ങാനും ഇത്തരത്തിലുള്ള പ്രസംഗം നടത്തിയാൽ അയാളെ ഉടനടി കസ്റ്റഡിയിൽ എടുക്കുമെന്ന് പ്രഖ്യാപിച്ചു. എന്നിരിക്കെ ഇതെല്ലാം മനസ്സിലാക്കിയ നമ്മുടെ മുഖ്യമന്ത്രി ഡൽഹിയിൽ കഴിയുമ്പോൾ പത്രക്കാർ ഈ തൊഗാഡിയയുടെ പ്രകോപനപരമായ പ്രസംഗത്തെ സംബന്ധിച്ച് പറഞ്ഞപ്പോൾ നമ്മുടെ മുഖ്യമന്ത്രി യാതൊന്നും പ്രതികരിച്ചില്ല എന്നാണ് പത്രത്തിൽ കാണാൻ കഴിഞ്ഞത്. തിരിച്ച് വിമാനം ഇറങ്ങിയതിനുശേഷം അദ്ദേഹത്തെ കണ്ട പത്ര പ്രവർത്തകരോടും അദ്ദേഹം പ്രകോപനം സൃഷ്ടിച്ചും, ഭീഷണി സൃഷ്ടിച്ചും ആനുകൂല്യം നേടാം എന്നൊന്നും നോക്കേണ്ട എന്നുള്ള നിലയിലുള്ള ഒരു പ്രസ്താവനയാണ് ചെയ്തത്. തികച്ചും ഏകപക്ഷീയമായ നിലയിലുള്ള.....

മി. സ്പീക്കർ : പ്രതിപക്ഷ നേതാവ് ഒരു വിഷയത്തിൽ നിന്ന് വേറെ വിഷയത്തിലേക്ക് പോകുന്നു. അങ്ങേക്ക് എല്ലാം പ്രത്യേക പരിഗണന വച്ച് തരുന്നതാണ്. അതിനകത്തു നിന്ന് സംസാരിക്കണം.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : ഇത്തരം ജുഗുപ്സാവഹമായിട്ടുള്ള പ്രസ്താവനകൾ കണ്ടില്ലെന്ന് നടിക്കാനോ, നിസ്സാരമായി കരുതാനോ, നിസ്സാരമായി കരുതുന്ന തരത്തിലുള്ള സൂചന നൽകുന്നതോ ഒന്നും നമ്മുടെ കേരളത്തിന്റെ താൽപ്പര്യത്തിനു ഗുണകരമല്ല എന്ന് ബഹുമാനപ്പെട്ട മിനിസ്റ്റരെ ഞാൻ അറിയിക്കട്ടെ. ഇവിടെ പള്ളികളിൽ ആയുധങ്ങൾ ശേഖരിക്കുന്നുണ്ട്. പാകിസ്ഥാനിൽ മദ്രസകളിൽ ആയുധങ്ങളൊക്കെ ശേഖരിച്ച് കാശ്മീരിലും മറ്റും അയയ്ക്കുന്നതുപോലെ തന്നെ ഇൻഡ്യയിലെ മദ്രസകളും ചെയ്യുന്നു എന്ന് ആ ഭ്രാന്തൻ പ്രസ്താവിക്കുകയുണ്ടായി. അതേസമയം തന്നെ ഇൻഡ്യയിലും, കേരളത്തിലും അമ്പലങ്ങളും.....

മി. സ്പീക്കർ : ഇതൊക്കെ എന്താണ് ? പ്രസംഗിക്കാനുള്ള സമയത്ത് പ്രസംഗിക്കാമല്ലോ. സബ്മിഷനകത്ത് നിന്ന് പറയണം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : .....ഡ്രില്ലിന്റെ ,ആർ.എസ്.എസിന്റെ, ബി.ജെ.പി. യുടേയും പരിശീലന കേന്ദ്രങ്ങളാണ്. ആ ഭ്രാന്തൻ അതേക്കുറിച്ച് മറച്ചു വച്ചിട്ട് ഏകപക്ഷീയമായ പ്രകോപനപരമായിട്ടുള്ള ഒരു പ്രസ്താവനയും പ്രസംഗവും നടത്തിയപ്പോൾ അതിനെ ചോദ്യം ചെയ്യുവാനുള്ള നട്ടെല്ല് നമ്മുടെ മുഖ്യമന്ത്രിയുടെ ഭാഗത്തു നിന്നും ഉണ്ടായില്ല, ഗവൺമെന്റിന്റെ ഭാഗത്തു നിന്നും ഉണ്ടായില്ല. ഇത് അദ്ദേഹത്തേയോ, യു.ഡി.എഫ് നെയോ മാത്രം ബാധിക്കുന്ന പ്രശ്നമല്ല. കേരളത്തിന്റെ സമാധാന ജീവിതത്തെ ആകെ ബാധിക്കുന്ന പ്രശ്നമാണ്. നൂറ്റാണ്ടു കാലമായി.....

മി. സ്പീക്കർ : ഒരു സബ്മിഷൻ തന്നാൽ ഇങ്ങനെ നൂറ്റാണ്ടു കാലമൊക്കെയാണോ പറയുന്നത്. ഒരു സബ്മിഷൻ തന്നാൽ അതിനകത്ത് നിന്നുകൊണ്ട് പറയണം.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : .....ഐക്യത്തോടുകൂടി കഴിയുന്ന കേരളത്തെ അദ്ദേഹം ഗോദ്രയായിട്ട് ചിത്രീകരിക്കുന്നു, ഗുജറാത്തായിട്ട് ചിത്രീകരിക്കുന്നു. ഗോദ്രയും, ഗുജറാത്തുമായിട്ട് കേരളത്തെ മാറ്റുമെന്നു പറയുന്നു. അതു സംബന്ധിച്ച് അർഹമായ മറുപടി അയാൾക്ക് കൊടുക്കുവാൻ ഈ മുഖ്യമന്ത്രി തയ്യാറാകേണ്ടേ ? കേരളത്തിന്റെ അഭിമാനം ഉയർത്തിപ്പിടിക്കുവാൻ അദ്ദേഹം തയ്യാറാകണ്ടെ ? അതിനെതിരായിട്ട് ഏതാണ്ട് ഈ തൊഗാഡിയയുടെ രൂപത്തിലുള്ള പ്രസ്താവനയാണ് നിർഭാഗ്യവശാൽ വിമാനം ഇറങ്ങിയതിനുശേഷം നമ്മുടെ മുഖ്യമന്ത്രി നടത്തിയത്. ഇന്നലത്തെ മുഖ്യമന്ത്രിയുടെ പ്രസ്താവനയിൽ അദ്ദേഹം നാദാപുരത്തെ റഫർ ചെയ്തു, നാദാപുരത്തെ. നബീസായുടെ സ്ഥിതിയെക്കുറിച്ച് വിവരിച്ചു.....(ബഹളം).....(ബഹളം)...

മി. സ്പീക്കർ : പ്രതിപക്ഷ നേതാവിനെ നിയന്ത്രിക്കാൻ പോരുന്ന രീതിയിൽ അങ്ങ് സംസാരിക്കരുത്. അങ്ങനെ നിയന്ത്രിക്കാൻ എനിക്ക് ഇഷ്ടമില്ല..... യേസ്.....ബഹളം ഉണ്ടാക്കേണ്ട കാര്യമില്ല. ഇവിടെ ചട്ടങ്ങളും റൂളും ഉണ്ട്. ഇനി അനുവദിക്കില്ല.എന്തു വന്നാലും അനുവദിക്കില്ല.....(ബഹളം)..... (ബഹളം).....

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : തെരഞ്ഞെടുപ്പിൽ ഫണ്ട് പിരിക്കുവാനും, തെരഞ്ഞെടുപ്പിൽ കക്ഷികൾക്ക് നേട്ടങ്ങൾ ഉണ്ടാക്കാനും നിങ്ങൾ പൂമാല ചൂടി എഴുന്നള്ളിച്ചില്ലേ. ഇപ്പോൾ നിങ്ങൾ വിശ്വഹിന്ദു പരിഷത്തിനു കീഴടങ്ങുന്നു. അതുകൊണ്ട് ഇതിനെ സംബന്ധിച്ച് ഗവൺമെന്റിന്റെ വ്യക്തമായ നയം എന്താണെന്ന് അറിയേണ്ടതുണ്ട്. ഇത്തരം ഭ്രാന്തമായ സമീപനത്തെ എതിർക്കുമോ അതോ അനുകൂലിക്കുമോ എന്നാണ് അറിയേണ്ടത്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : സർ, വിശ്വഹിന്ദു പരിഷത്തിന്റെ അന്തർദ്ദേശീയ നേതാവും അഖിലേന്ത്യാ ജനറൽ സെക്രട്ടറിയുമായ ശ്രീ. പ്രവീൺ ഭായ് തൊഗാഡിയ 2003 ജൂലായ് 8-ാം തീയതി രാവിലെ പത്തു മണിക്ക് മാറാട് സന്ദർശനം നടത്തി. സന്ദർശന വേളയിൽ മാറാട് കൂടിയ ജനങ്ങളെ അദ്ദേഹം അഭിസംബോധന ചെയ്തു പ്രസംഗിച്ചു. തീരദേശ നിയമങ്ങൾക്ക് വിരുദ്ധമായി മാറാട് നിർമ്മിച്ച പള്ളിയാണ് പ്രശ്നങ്ങൾക്ക് തുടക്കം എന്നും, ശരിയായ

രേഖകളില്ലാതെ അവിടെ നിർമ്മിച്ച പള്ളി പൊളിച്ചുനീക്കാൻ ഗവൺമെന്റ് ശ്രമിച്ചിട്ടില്ലെന്നും ക്രിമിനലുകളെ മാറാട് പുനരധിവസിപ്പിക്കാൻ അനുവദിക്കില്ലെന്നും പ്രസ്താവിച്ചു. വൈകിട്ട് കോഴിക്കോട് പ്രസ് ക്ളബിൽ വച്ച് നടത്തിയ മീറ്റ് ദ പ്രസ് പരിപാടിയിൽ പങ്കെടുത്ത് സംസാരിക്കവെ മാറാട് നിർബന്ധപൂർവ്വം പുനരധിവാസം നടത്തിയാൽ മൂന്നാമത് ഒരു മാറാട് ആവർത്തിക്കുമെന്നും, ആ സംഭവത്തിന്റെ ഗൂഡാലോചനയിൽ പങ്കെടുത്തവരെയാണ് പുനരധിവസിപ്പിക്കാൻ ശ്രമിക്കുന്നത് എന്നും പ്രസ്താവിച്ചിട്ടുണ്ട്. തൊഗാഡിയ നടത്തിയ പ്രസംഗത്തിന്റ വീഡിയോ റിക്കോർഡിംഗ് എടുത്തിട്ടുണ്ട്. ആയത് നിയമ വിദഗ്ദ്ധർ പരിശോധിച്ചു വരികയാണ്. പ്രസംഗത്തിൽ പ്രകോപനപരമായ എന്തെങ്കിലും ഉള്ളതായി കാണുന്നപക്ഷം അനന്തര നടപടികൾ നിയമവിദഗ്ദ്ധൻമാരുമായി കൂടി ആലോചിച്ച് സ്വീകരിക്കുന്നതാണ്. മാറാട് മാത്രമല്ല സംസ്ഥാനത്തുതന്നെ മാറാട്ടിലെ കൂട്ടക്കൊലയും അതിനുശേഷം അവിടെ നിന്ന് വളരെയധികം കുടുംബങ്ങൾ വിട്ടുപോകേണ്ടിവന്നതും എല്ലാം വികാരവിക്ഷിബ്ധമായ അന്തരീക്ഷം ഉണ്ടാക്കിയിട്ടുണ്ട്. സംഘർഷം നിലനിൽക്കുന്നു. പ്രകോപനപരമായ അന്തരീക്ഷം നിലനിൽക്കുന്നു. ഈ ഘട്ടത്തിൽ ഏറ്റവും എളുപ്പത്തിൽ സാധിക്കുന്നത് എരിയുന്ന തീയിൽ അൽപ്പംകൂടി എണ്ണ ഒഴിച്ചുകൊടുക്കുകയാണ്. അതാണോ നമ്മുടെ ഉത്തരവാദിത്വം....(ബഹളം).....അല്ല, ഞാൻ പറയുന്നത് കേൾക്കാനുള്ള ക്ഷമ നിങ്ങൾക്കില്ലെങ്കിൽ നിങ്ങൾ മറ്റുള്ളവരുടെ അക്ഷമയെ കുറിച്ച് പറഞ്ഞിട്ട് കാര്യമില്ലല്ലോ.....(ബഹളം).....

[10.00 AM]

മി. സ്പീക്കർ : ഓർഡർ...ഓർഡർ.....

ശ്രീ. എ. കെ. ആന്റണി : ഒരു വാർഡിൽ...ഒരു ചെറിയ വാർഡിൽ ഇവിടെ നിന്ന് സെക്രട്ടേറിയറ്റ് വരെ പോകുന്ന ദൂരത്തിലുള്ള പ്രദേശത്താണ് കഴിഞ്ഞ 15 മാസത്തിനുള്ളിൽ 14 പേർ കൊല്ലപ്പെട്ടത്. 14 കൊലപാതകങ്ങൾ നടന്നു. അതിൽ 8 പേർ കൊല്ലപ്പെട്ടത്, കൊലപാതകം നടന്നത് ഒരു പ്രകോപനവുമില്ലാതെയാണ്. 5 പേർ കൊല്ലപ്പെട്ടത് പരസ്പരം ഏറ്റുമുട്ടലിലാണ്. രണ്ടാമത്തെ കൊലപാതകം നടന്നത് ഒരു പ്രകോപനവുമില്ലാത്ത ശാന്തമായ അന്തരീക്ഷത്തിലാണ്. മരിച്ച 13 പേർ മാറാടുകാരാണ്. ഒരാൾ മാറാടുകാരനല്ല. ഈ ചെറിയ വാർഡിലെ അപ്പുറത്തും ഇപ്പുറത്തുമുള്ള വീടുകളിൽപ്പെട്ട ഇത്രയുംപേർ മരിച്ചു. കൊല്ലപ്പെട്ടവരും കൊലയ്ക്ക് കൂട്ടു നിന്നവരും എല്ലാം ഈ ചുറ്റുപാടിൽ നിൽക്കുകയാണ്. അവർ തമ്മിലുള്ള വിദ്വേഷം സ്വാഭാവികമാണ്. അവരുടെ കുടുംബങ്ങളുടെ ഇടയിൽ, സ്ത്രീകളുടെ ഇടയിൽ, ചെറുപ്പക്കാരുടെ ഇടയിൽ പകയും വിദ്വേഷവും സംശയവും ആശങ്കയുമെല്ലാം ഉണ്ട്. ആ തീ അണക്കണം, അവരാണല്ലോ അയൽപക്കങ്ങളിൽ താമസിക്കേണ്ടത്. അതിനുവേണ്ടിയുള്ള വളരെ പ്രയാസമുള്ള ഒരു ചുമതല നിർവഹിക്കാൻ ശ്രമിക്കുമ്പോൾ രണ്ടുഭാഗത്തുനിന്നുകൊണ്ട് വികാരം ആളിക്കത്തിക്കാൻ ശ്രമിക്കുക, ചിലർ രണ്ടു ഭാഗത്തും മാറിമാറി നിന്നുകൊണ്ട് വികാരം ആളിക്കത്തിക്കാൻ ശ്രമിക്കുകയാണ്. ഇതാണോ ഈ സംസ്ഥാനത്തെ മതേതര ശക്തികളുടെ ചുമതല. ഈ പ്രശ്നം പരിഹരിക്കുന്നതിൽ സംയമനം ആവശ്യമാണ്, ക്ഷമആവശ്യമാണ്. അല്ലാതെ പോലീസിന്റെ ബലപ്രയോഗത്തോടു കൂടി

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ കാര്യങ്ങൾ നേരെയാക്കാൻ സാദ്ധ്യമല്ല. അവിടത്തെ പ്രശ്നം പരിഹരിക്കുന്നതിന് സമഗ്രമായ നിലപാടാണ് എല്ലാപേരും സ്വീകരിക്കേണ്ടത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വളരെ വികാരാധീനനായി അവിടെ നിന്ന് പുറത്തുപോയ കുടുംബങ്ങളെക്കുറിച്ച് പറഞ്ഞല്ലോ. അങ്ങ് ഞാൻ പറയുന്നത് കേൾക്കാൻ തയ്യാറുണ്ടോ ? അങ്ങ് അവിടെ നിന്ന് രണ്ടു മാസത്തിനുമുമ്പ് പോയവരെ പുനരധിവസിപ്പിക്കുന്നതിനെക്കുറിച്ച് പറഞ്ഞല്ലോ. നാദാപുരത്തെ നബീസയെ അവിടെ നിന്നും അടിച്ചോടിച്ചിട്ട് രണ്ടുവർഷം കഴിഞ്ഞിരിക്കുന്നു..... (ബഹളം).....നബീസയെ ബിനുവിന്റെ കൊലപാതകത്തിന്റെയന്ന് അവിടെ നിന്ന് അടിച്ചോടിച്ചതാണ്. കൊല്ലം 2 കഴിഞ്ഞിരിക്കുന്നു.....(ബഹളം).....

മി. സ്പീക്കർ : ഓർഡർ...ഓർഡർ.....(ബഹളം).....ശ്രീ. കോടിയേരി, സി.എം. പറയട്ടെ.....(ബഹളം).....

ശ്രീ. എ. കെ. ആന്റണി : അവിടെ പോലീസ്.....അല്ല ധൃതി വച്ച്..... (ബഹളം).....പ്രതിപക്ഷനേതാവ് ക്ഷമയെക്കുറിച്ചും, സഹിഷ്ണുതയെ കുറിച്ചും മതേതരത്വത്തെക്കുറിച്ചും പ്രസംഗിച്ചല്ലോ. അങ്ങയുടെ പാർട്ടിക്കാരാണ് നബീസയ്ക്ക് ഉപരോധം ഏർപ്പെടുത്തിയിരിക്കുന്നത്. രണ്ടുവർഷം കഴിഞ്ഞിരിക്കുന്നു...(ബഹളം).....നബീസ വാടകയ്ക്ക് താമസിക്കുകയാണ്..... നബീസയ്ക്ക് താമസിക്കാൻ പ്രയാസം വന്നപ്പോൾ സ്വന്തം അനുജനെ അവിടെ താമസിപ്പിക്കാൻ ശ്രമിച്ചിട്ട് എന്റെ ജീവൻ ഉള്ളിടത്തോളം താമസിക്കാൻ അനുവദിക്കുകയില്ല എന്നുപറഞ്ഞ് പോലീസ് സ്റ്റേഷനിൽ കേസ് കൊടുത്തിരിക്കുകയാണ്. ബിനുവിന്റെ അച്ഛനെതിരായിട്ടാണ് കേസ് കൊടുത്തിരിക്കുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് ഉറപ്പു തരാമോ നബീസയെ പുനരധിവസിപ്പിക്കാമെന്ന്, ഈ സഭയ്ക്ക് ഉറപ്പു തരാൻ തയ്യാറുണ്ടോ.....(ബഹളം).....നിങ്ങളുടെ ഏർപ്പാട് അതാണ്.

മി. സ്പീക്കർ : ഓർഡർ.....ഓർഡർ.....

ശ്രീ. എ. കെ. ആന്റണി : സ്വന്തം കാര്യം വരുമ്പോൾ നിങ്ങൾ കാണിക്കുന്നത് ഇതാണ്. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ആ കാര്യത്തിൽ നിർബന്ധമുണ്ട്. നാദാപുരം.....(ബഹളം).....അവിടെ ഗവൺമെന്റിന്റെ സമീപനം ഞാൻ പറയാം. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം.....(ബഹളം).....

മി. സ്പീക്കർ : ഓർഡർ.....ഓർഡർ.....(ബഹളം).....

ശ്രീ. എ. കെ. ആന്റണി : ഏതായാലും രണ്ടു വർഷം കഴിഞ്ഞപ്പോഴെങ്കിലും പ്രതിപക്ഷനേതാവിന് സൽബുദ്ധി തോന്നിയതിൽ എനിക്ക് സന്തോഷമുണ്ട്. ആ വാക്കിൽ ഉറച്ചുനിന്നാൽ മതി. 2001 ജനുവരി 15-ന് അടിച്ചോടിച്ച ആളെ രണ്ടു വർഷം കഴിഞ്ഞെങ്കിലും താമസിപ്പിക്കാം എന്ന് വാക്ക് തന്നല്ലോ. അത്രയും ആശ്വാസം.

മി. സ്പീക്കർ : ഓർഡർ.....ഓർഡർ.....അദ്ദേഹം പറയുകയല്ലേ.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ആന്റണി : രാഷ്ട്രീയത്തിന്റെ അതിപ്രസരം ഇവിടെ സമുദായ സംഘർഷം കൂട്ടാൻ ഇടയാക്കരുത്. രാജ്യ സ്നേഹമാണ് രാഷ്ട്രീയത്തേക്കാൾ വലുത്.....(ബഹളം).....നമ്മൾ അതിരു ലംഘിക്കുന്നു. കൂടുതൽ ക്ളാഷുണ്ടാകാനുള്ള ഇടത്തേക്ക് പോകാൻ നമ്മൾ ഇട വയ്ക്കരുത്. ചെറിയ രാഷ്ട്രീയലാഭത്തിനുവേണ്ടി ഒന്നും ചെയ്യാൻ പാടില്ല. അവിടെ കൊലപാതകം നടത്തിയ മുഴുവൻ ആൾക്കാരെയും അറസ്റ്റുചെയ്ത് കേസ് എടുത്തു. ഏതാനും ദിവസങ്ങൾക്കകം ചാർജ് ഷീറ്റ് കൊടുക്കുവാൻ പോവുകയാണ്. അതോടൊപ്പം തന്നെ അവിടെനിന്നുംപോയ ആൾക്കാരെ തിരികെ കൊണ്ടുവന്ന് പുനരധിവസിപ്പിക്കുവാനുള്ള നടപടികളുടെ ശ്രമം നടക്കുകയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : എപ്പോഴാണ് ?

ശ്രീ. എ. കെ. ആന്റണി : എപ്പോൾ എന്നത് ഗവൺമെന്റ് തീരുമാനിക്കും. മറ്റാരും തീരുമാനിച്ചാൽ പറ്റില്ല. അതു ഗവൺമെന്റുതന്നെ തീരുമാനിക്കും. (ബഹളം)

മി. സ്പീക്കർ : ശ്രീ. കെ. രാധാകൃഷ്ണൻ....ഓർഡർ,.....ഓർഡർ,.... (ബഹളം)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : ബഹുമാനപ്പെട്ട സ്പീക്കറോട് തികഞ്ഞ എല്ലാ ബഹുമാനത്തോടുംകൂടി പറയട്ടെ, നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ച് വളരെ പ്രധാനപ്പെട്ട....(ബഹളം).....

മി. സ്പീക്കർ : Please resume your seat. അവർ ചെയ്ത തെറ്റ് നിങ്ങളും ആവർത്തിക്കണോ ; ഞാൻ ഇവിടെ ആവർത്തിച്ച് പറഞ്ഞതാണ് ലീഡർ ഓഫ് ദി ഹൗസും പ്രതിപക്ഷ നേതാവും സംസാരിക്കുമ്പോൾ ബഹളമുണ്ടാക്കരുതെന്ന്. അവർ തെറ്റുചെയ്താൽ അത് നിങ്ങളും ആവർത്തിക്കണമെന്നുണ്ടോ ? (ബഹളം)

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : ഞാൻ സബ്മിഷൻവഴി ഉന്നയിച്ച പ്രശ്നത്തിന് യാതൊരു തരത്തിലും അതിനെക്കുറിച്ചുള്ള മറുപടി ഞാൻ പ്രതീക്ഷിച്ച രീതിയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയിൽനിന്നും ഉണ്ടായില്ല. എന്നു മാത്രമല്ല തൊഗാഡിയയെപ്പറ്റി ഒരു വാചകംപോലും പറയാൻ അദ്ദേഹം തയ്യാറായില്ല. അയാളുടെ ധിക്കാരപരമായ വെല്ലുവിളിയെക്കുറിച്ച് കേരളത്തിന്റെ മുഖ്യമന്ത്രി അത് അർഹിക്കുന്ന ഗൗരവത്തോടുകൂടി ഒരു വാക്കെങ്കിലും പറയുമെന്ന് ഞാൻ പ്രതീക്ഷിച്ചു. അദ്ദേഹത്തിൽനിന്നും അത് ഉണ്ടായില്ല. അദ്ദേഹം തൊഗാഡിയയെ കുറിച്ച് ചിന്തിക്കുന്നതുതന്നെ വലിയ ഭീതിയോടുകൂടിയാണെന്ന് ഞാൻ സംശയിച്ചുപോയി. ഈ സമീപനത്തിൽ പ്രതിഷേധിച്ച് അല്പസമയം ഞങ്ങൾക്ക് ഇവിടെ ഇരിക്കുവാൻ കഴിയില്ല. ഈ നിലപാടിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് നടത്തുന്നു.

(പ്രതിപക്ഷ നേതാവും പ്രതിപക്ഷാംഗങ്ങളും ഒന്നടങ്കം മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭ വിട്ട്, പുറത്തു പോകുകയും അല്പ സമയത്തിനുള്ളിൽ സഭയിൽ വീണ്ടും ഹാജരാകുകയും ചെയ്തു.)